75. ഉദുമ
76. അടൂർ
77. അമ്പലപ്പുഴ
78. പയ്യന്നൂർ
79. പെരിങ്ങളം
80. തലശ്ശേരി
81. തളിപ്പറമ്പ
82. സുൽത്താൻബത്തേരി
83. കിളിമാനൂർ
84. മാവേലിക്കര
85. തിരുവല്ല
86. ചെങ്ങന്നൂർ
87. കൊടുവള്ളി

(ബി) സഭാംഗങ്ങളിൽ നിന്ന് നിവേദനങ്ങൾ കിട്ടുന്ന മുറയ്ക്ക് വാഹനങ്ങളുടെ ലഭ്യതയ്ക്കനുസരണമായി സർവ്വീസുകൾ ആരംഭിക്കാൻ നടപടി സ്വീകരിക്കുന്നതാണ്.

97 (1546) വാഹന നികുതി ഇളവ്

ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെകാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ചാരിറ്റബിൾ സൊസൈറ്റി ആക്ട് (1951) പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ളതും കേരളാസംഗീത, നാടക അക്കാഡമി അംഗീകാരം നൽകിയിട്ടുള്ളതുമായ പ്രൊഫഷണൽ നാടകസമിതികളുടെ ഉടമസ്ഥതയിലുള്ള നാടകവാഹനങ്ങൾക്ക് വാഹന നികുതി ഇളവ് നൽകുന്നുണ്ടോ?

(ബി) ഈ വിധം എത്ര സമിതികളുടെ വാഹനങ്ങൾക്ക് നികുതിയിളവ് നൽകുന്നുണ്ട്; സമിതികൾ ഏതെല്ലാം:

(സി) അർഹതപ്പെട്ട അപേക്ഷകർക്ക് വാഹനനികുതി ഇളവ് നൽകാൻ സർക്കാർ തയ്യാറാകുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) മോട്ടോർവാഹന നികുതി ചട്ടം 22 പ്രകാരം വാഹനങ്ങളുടെ നികുതി കുറവ് ചെയ്യുന്നതിനോ ഇളവു ചെയ്യുന്നതിനോ ഉള്ള അധികാരം സർക്കാരിൽ നിക്ഷിപ്തമാണ്. ഈ അധികാരം ഉപയോഗിച്ച് അർഹതപ്പെട്ട അപേക്ഷകർ പരിശോധിച്ച് വാഹന നികുതി ഇളവ് അനുവദിക്കുന്നുണ്ട്.

98 (1547) തൃശ്ശൂർ ജില്ലയിലെ കെ.എസ്.ആർ.ടി.സി. ഡിപ്പോകൾ

ശ്രീ. കെ.പി. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) തൃശ്ശൂർ ജില്ലയിൽ കെ.എസ്.ആർ.ടി.സി.യുടെ എത്ര ഡിപ്പോകൾ പ്രവർത്തിക്കുന്നുണ്ട്;

(ബി) ഓരോ ഡിപ്പോയിൽ നിന്നും ഓപ്പറേറ്റ് ചെയ്യുന്ന സർവ്വീസുകൾ എത്ര?

(സി) തൃശ്ശൂർ ഡിപ്പോയിൽ ഇപ്പോൾ എത്ര ജോലിക്കാർ ഉണ്ട്; ഇവരിൽ ഓരോ തസ്തികയിലും എത്ര പേർ ജോലി ചെയ്യുന്നുണ്ട്; എത്ര തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നുണ്ട്;

(ഡി) ആമ്പല്ലൂർ, പുതുക്കാട് ഡിപ്പോകൾ നിർത്തലാക്കി പുതുതായി ഒരു ഡിപ്പോ തുടങ്ങാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ എവിടെ;

(ഇ) പ്രസിദ്ധമായ തൃപ്രയാർ ക്ഷേത്രനടയിൽ നിന്ന് മൂകാംബികയിലേക്ക് ഒരു അന്തർ സംസ്ഥാന സർവ്വീസ് നടത്താൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) നാല് ഡിപ്പോകളും നാല് ഓപ്പറേറ്റിംഗ് സെന്ററുകളും പ്രവർത്തിക്കുന്നുണ്ട്.

(ബി)

കൊടുങ്ങല്ലൂർ	-	6
മാള	-	29
ചാലക്കുടി	-	36
ഇരിങ്ങാലക്കുട	-	9
തൃശ്ശൂർ	-	74
ആമ്പല്ലൂർ	-	15
പുതുക്കാട്	-	11
ഗുരുവായൂർ	-	30

(കൊടുങ്ങല്ലൂർ, ഇരിങ്ങാലക്കുട, ആമ്പല്ലൂർ, പുതുക്കാട് എന്നിവ ഓപ്പറേറ്റിംഗ് സെന്ററുകളാണ്)

(സി) വിവരം ശേഖരിച്ച് മറുപടി സമർപ്പിക്കുന്നതാണ്.

(ഡി) ഇക്കാര്യത്തിൽ അന്തിമ തീരുമാനം കൈക്കൊണ്ടിട്ടില്ല.

(ഇ) സംസ്ഥാന സർക്കാർ അയൽസംസ്ഥാന സർക്കാരുമായി ഉണ്ടാക്കുന്ന അന്തർ സംസ്ഥാന കരാറുകൾ പ്രകാരമാണ് അന്തർസംസ്ഥാന സർവ്വീസുകൾ നടത്തുന്നത്. നിലവിൽ കർണ്ണാടക ഗവൺമെന്റുമായി ഏർപ്പെട്ടിട്ടുള്ള കരാറിൽ ഈ റൂട്ട് ഉൾപ്പെട്ടിട്ടില്ലാത്തതിനാൽ നിർവ്വാഹമില്ല.

99 (1548) ആലപ്പുഴ കെ.എസ്.ആർ.ടി.സി. ഡിപ്പോകൾ

ശ്രീ. കെ.സി. വേണുഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ നിന്നും നിലവിൽ എത്ര സർവ്വീസുകൾ നടത്തുന്നുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഈ സർവ്വീസുകൾ നടത്തുന്നതിന് എത്ര ബസുകൾ വേണം എന്ന് കണക്കാക്കിയിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly